**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** **29-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനകർഷകരോടുള്ള കേന്ദ്രസർക്കാർ അവഗണനയ്ക്കെതിരേ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകരോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണന അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ വൈവിധ്യമാർന്ന ഭൂപ്രകൃതി അടക്കമുള്ള പ്രാദേശിക വ്യവസ്ഥകൾ കേന്ദ്ര സർക്കാരിനെ നീതി ആയോഗ് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിലും കാർഷിക പ്രവർത്തനങ്ങളിലും കേരളത്തിലെ ചെലവ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. അതിനാൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിലും മറ്റും കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന തുക അപര്യാപ്തമാകുന്നു. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്തിന് അനുവദിക്കപ്പെടുന്ന ഫണ്ടിന്റെ 10% മാത്രമേ നെൽകൃഷി മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവൂ എന്ന കേന്ദ്ര സർക്കാർ വ്യവസ്ഥ ഒഴിവാക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പല തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലെത്തിച്ചിട്ടുണ്ട്. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കാലാവസ്ഥ പ്രശ്നങ്ങൾ നിമിത്തം ഉണ്ടാകുന്ന ദുരിതങ്ങൾ ലഘൂകരിക്കുന്നതിലും സംസ്ഥാന സർക്കാർ വിവിധങ്ങളായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശങ്ങളിൽമേൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിക്കുകയും റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടതെന്നും പുതിയ ബില്ലിൽ |

പറഞ്ഞിരിക്കുന്ന റബ്ബർ പ്രൊമോഷൻ ആന്റ് ഡവലപ്മെന്റ് ഫണ്ടിന്റെ 30% റബ്ബർ കർഷകർക്ക് സബ്സിഡിയ്ക്കും ഇൻസെന്റീവുകൾക്കും ആയി ഉപയോഗിക്കണമെന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ വില നിയന്ത്രിക്കുന്നതിനായി നിയമത്തിൽ ശക്തമായ ഭേദഗതികൾ ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപെട്ടിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതി തീരുവയുടെ ഒരു ഭാഗം റബ്ബർ കർഷകർക്ക് വില സ്ഥിരതാ ഫണ്ട് ആയി ഉപയോഗപ്രദമാക്കണമെന്ന ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, നാച്ചുറൽ റബ്ബറിന്റെ ഇറക്കുമതി കുറയ്ക്കുന്നതിനും, ഇന്ത്യൻ കർഷകർക്ക് കൂടുതൽ വില ലഭിക്കുന്നതിനുമായി, നാച്ചുറൽ റബ്ബറിന്റെ ഇറക്കുമതി തീരുവ 70% ആയി ഉയർത്തണമെന്ന് ആവശ്യം ഉന്നയിച്ചിട്ടുണ്ട്. 2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോ ഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്. ഈ തുക 250/- ആയി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടു കൊണ്ട് പല തവണ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും കേന്ദ്രമന്ത്രിയെ നേരിൽ കണ്ട്, കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. വിഷയത്തിൽ അനുകൂല തീരുമാനം കേന്ദ്രം കൈക്കൊണ്ടിട്ടില്ല. ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റു നിർമാണ പ്രവർത്തികളിൽ റബ്ബർവുഡിന്റെയും അനുബന്ധ റബ്ബർ ഉത്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്ന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വേമ്പനാട് തണ്ണീർത്തടങ്ങളുടെ പരിസ്ഥിതി പുനഃസ്ഥാപനം, കുട്ടനാട്ടിലെ വെള്ളപ്പൊക്ക ലവണാംശം മാനേജ്മെന്റിനുള്ള പരിസ്ഥിതി സൗഹൃദ സമീപനങ്ങൾ സംബന്ധിച്ച് ഇന്റർ നാഷണൽ റിസർച്ച് ആന്റ് ട്രെയ്നിങ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിങ് (IRTCBSF) തയ്യാറാക്കിയ പദ്ധതി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ധനസഹായം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

നെല്ല് സംഭരണത്തിനായുള്ള ഒരു മൊബൈൽ സ്റ്റോറേജ് യൂണിറ്റിന് കേന്ദ്ര ഉപഭോക്തൃകാര്യ ഭക്ഷ്യ, പൊതു വിതരണ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിന് അനുവദിക്കപ്പെടുന്ന രാസവളങ്ങളുടെ അപര്യാപ്തത ചൂണ്ടിക്കാണിക്കുകയും, അധിക അളവിൽ വളം അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2024 വേനൽ കാല വരൾച്ച മൂലം സംസ്ഥാനത്ത് 260 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായി അറിയിക്കുകയും കർഷകർക്ക് ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

വന്യജീവി ആക്രമണത്തിൽ കേരളം നേരിടുന്ന കൃഷി നാശം സംബന്ധിച്ച വിഷയം പല തവണകളായി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുകയും, കാട്ടുപന്നിയെ ഒരു കീടമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനം വകുപ്പ് മന്ത്രിയോട് ആവശ്യം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, ഇന്ത്യ-യു.എസ്. സ്വതന്ത്ര വ്യാപാര കരാർ, റബ്ബർ, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവയ്ക്കായുള്ള കമ്മോഡിറ്റി ബോർഡ് നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള ബില്ലുകൾ, സംയോജിത സസ്യ പോഷകാഹാര മാനേജ്മെന്റ് ബിൽ 2022, ഭക്ഷ്യ-കാർഷിക സസ്യ ജനിതക വിഭവങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര ഉടമ്പടി തുടങ്ങിയവയിൽ കർഷകർക്ക് വെല്ലുവിളി ഉയർത്താവുന്ന വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനു സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജന അംബ്രല്ല സ്കീമിൽ ഉൾപ്പെടുന്ന സോയിൽ ഹെൽത്ത് കാർഡ് സ്കീം, റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് സ്കീം, പി കെ വി വൈ ഭാരതീയ പ്രകൃതി കൃഷി പദ്ധതി, പെർ ഡ്രോപ്പ് മോർ ക്രോപ്പ് സ്കീം, സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ, സബ് മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി, രാഷ്ട്രീയ കൃഷി വികാസ് യോജന - ഡിപിആർ ഘടകം എന്നീ പദ്ധതികളിലും, കൃഷോന്നതി യോജന അംബ്രല്ല സ്കീമിൽ ഉൾപ്പെടുന്ന സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ, ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ, നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്, മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ, ഡിജിറ്റൽ ക്രോപ്പ് സർവ്വേ എന്നീ പദ്ധതികളിലും, നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് പദ്ധതിയിലുമായി 640.56 കോടി രൂപയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള

| | | | |
|---|---|---|---|
| | | | അനുമതി നേടിയെടുക്കാൻ സംസ്ഥാനത്തിന് ഇതിനകം സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ കർഷകർക്കുള്ള ക്ഷേമപദ്ധതികളും സബ്സിഡികളും കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് എന്തു പുതിയ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിലുള്ള പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമായി വരുന്നു.<br><br>സബ്സിഡികൾ നിശ്ചിത നിരക്കിൽ തുടരുന്നതിനോടൊപ്പം തന്നെ, മുൻ വർഷങ്ങളിൽ ഇല്ലാത്ത പുതിയ പദ്ധതികൾ കർഷകർക്കായി കൊണ്ട് വരികയും ചെയ്യുന്നുണ്ട്. ഉദാഹരണമായി ഫാം പ്ലാൻ അടിസ്ഥാനമാക്കി നടപ്പാക്കുന്ന പദ്ധതികളിൽ മാതൃകാ തോട്ടങ്ങൾ രൂപീകരിക്കുന്നതിനും കാർഷിക ഉത്പാദക സംഘടനകൾ രൂപീകരിക്കുന്നതിനും കേരള ഗ്രോ ബ്രാന്റഡ് ഔട്ട് ലെറ്റുകൾ രൂപീകരിയ്ക്കുന്നതിനും മറ്റുമുള്ള പദ്ധതികൾ കർഷകർക്കായി അവതരിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ